

# വിഷയം: ഖൈറും ശർറും അല്ലാഹുവിൽ നിന്ന്

തയ്യാറാക്കിയത്: സയ്യിദ് സഅ്ഫർ സ്വാദിഖ്

ഒരു മുസ്‌ലിം ആഗ്രഹിക്കുന്നത് മുസ്‌ലിമായി ജീവിക്കുവാനും മരിക്കുവാനുമാണ്.

അതിനായി നാം നിത്യേന പ്രാർത്ഥിക്കുന്നു,

അല്ലാഹു നമ്മെ നിർബ്ബന്ധമായും പ്രാർത്ഥിപ്പിക്കുന്നു.

اهْدِنَا الصِّرَاطَ الْمُسْتَقِيمَ(6)صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ(7)

ആരാണ് അനുഗ്രഹിച്ചവർ

وَمَنْ يُطِعْ اللَّهَ وَالرَّسُولَ فَأُوْلَئِكَ مَعَ الَّذِينَ أَنْعَمَ اللَّهُ عَلَيْهِمْ مِنْ النَّبِيِّينَ وَالصِّدِّيقِينَ وَالشُّهَدَاءِ وَالصَّالِحِينَ وَحَسُنَ أُوْلَئِكَ رَفِيقًا(النساء: 69 )

നമ്മളതിന് ആമീൻ പറയുന്നു.

ജിബ്‌രീലിൻെറ ഹദീസ്? എന്താണ് ഈമാൻ...

ان تؤمن بالله وملائكته وكتبه ورسله واليوم الآخر والقدر خيره وشره

ഖദ്‌റിലെ വിശ്വാസത്തിൻെറ ആണിക്കല്ലാണ് നന്മയും തിന്മയും അല്ലാഹുവിൽ നിന്നാണെന്ന വിശ്വാസം. അത് ശരിക്കും നാം ഊട്ടി ഉറപ്പിക്കേണ്ടതാണ്.

നമ്മുടെ ഭാവിയെന്താണ് എന്ന് നമുക്ക് അറിയില്ല, അത് അല്ലാഹുവിന്ന് മാത്രമെ അറിയുകയുള്ളൂ...

(قُلْ لَا يَعْلَمُ مَنْ فِي السَّمَاوَاتِ وَالْأَرْضِ الْغَيْبَ إِلَّا اللَّهُ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ (النمل: 65 )

(وَعِنْدَهُ مَفَاتِحُ الْغَيْبِ لَا يَعْلَمُهَا إِلَّا هُوَ وَيَعْلَمُ مَا فِي الْبَرِّ وَالْبَحْرِ وَمَا تَسْقُطُ مِنْ وَرَقَةٍ إِلَّا يَعْلَمُهَا وَلَا حَبَّةٍ فِي ظُلُمَاتِ الْأَرْضِ وَلَا رَطْبٍ وَلَا يَابِسٍ إِلَّا فِي كِتَابٍ مُبِينٍ (الأنعام: 59)

അല്ലാഹു തീരുമാനിച്ച ഒരു കാര്യം അത് വരുകതന്നെ ചെയ്യുന്നതാണ്. അതിനെ തടുക്കുവാൻ ആർക്കും സാധ്യമല്ല.

( عَنْ ابْنِ عَبَّاسٍ قَالَ كُنْتُ خَلْفَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَوْمًا فَقَالَ يَا غُلَامُ إِنِّي أُعَلِّمُكَ كَلِمَاتٍ احْفَظْ اللَّهَ يَحْفَظْكَ احْفَظْ اللَّهَ تَجِدْهُ تُجَاهَكَ إِذَا سَأَلْتَ فَاسْأَلْ اللَّهَ وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللَّهِ وَاعْلَمْ أَنَّ الْأُمَّةَ لَوْ اجْتَمَعَتْ عَلَى أَنْ يَنْفَعُوكَ بِشَيْءٍ لَمْ يَنْفَعُوكَ إِلَّا بِشَيْءٍ قَدْ كَتَبَهُ اللَّهُ لَكَ وَلَوْ اجْتَمَعُوا عَلَى أَنْ يَضُرُّوكَ بِشَيْءٍ لَمْ يَضُرُّوكَ إِلَّا بِشَيْءٍ قَدْ كَتَبَهُ اللَّهُ عَلَيْكَ رُفِعَتْ الْأَقْلَامُ وَجَفَّتْ الصُّحُفُ قَالَ هَذَا حَدِيثٌ حَسَنٌ صَحِيحٌ ) (الترمذي)






ഇതാണ് നാം നമസ്കാരത്തിന് ശേഷം പറയുന്നത്:

عن الْمُغِيرَةُ بْنُ شُعْبَةَ فِي كِتَابٍ إِلَى مُعَاوِيَةَ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ كَانَ يَقُولُ فِي دُبُرِ كُلِّ صَلَاةٍ مَكْتُوبَةٍ لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ اللَّهُمَّ لَا مَانِعَ لِمَا أَعْطَيْتَ وَلَا مُعْطِيَ لِمَا مَنَعْتَ وَلَا يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ ) (بخاري)

നമുക്ക് വല്ല കാര്യവും വരുമ്പോൾ അതിൻെറ ആത്യന്തികമായ പര്യാവസാനം, അത് നന്മയാണോ, തിന്മയാണോയെന്ന് അല്ലാഹുവിന് മാത്രമെ അറിയുകയുള്ളൂ,

(كُتِبَ عَلَيْكُمْ الْقِتَالُ وَهُوَ كُرْهٌ لَكُمْ وَعَسى أَنْ تَكْرَهُوا شَيْئًا وَهُوَ خَيْرٌ لَكُمْ وَعَسَى أَنْ تُحِبُّوا شَيْئًا وَهُوَ شَرٌّ لَكُمْ وَاللَّهُ يَعْلَمُ وَأَنْتُم لَا تَعْلَمُونَ) (البقرة: 216)

അത്കൊണ്ട് അല്ലാഹുവിൽ ദൃഢമായി വിശ്വസിക്കുകയും, തൻെറ വിധിയായിരിക്കുമെന്ന് നാം വിചാരിക്കുകയും ചെയ്യണം.

കാരണം അല്ലാഹുമാത്രമാണ് നിരാശ്രയനായിട്ടുള്ളത്.

(يَاأَيُّهَا النَّاسُ أَنْتُمْ الْفُقَرَاءُ إِلَى اللَّهِ وَاللَّهُ هُوَ الْغَنِيُّ الْحَمِيدُ) (فاطر:15)

ഈ വിശ്വാസത്തിന് വിപരീതമാണ് ഖൈറും ശർറും മനസിലാക്കുവാനായി മറ്റു മാർഗങ്ങൾ അവലംബിക്കുന്നത്. ഇസ്ലാം വരുന്നതിന് മുമ്പ് ആളുകൾ ഒരുപാട് മാർഗങ്ങൾ അവലംബിച്ചിരുന്നു.

പക്ഷിയെ പറത്തിക്കുക, വലത് വശത്ത് പറന്നാൽ, ഇടത് വശത്ത് പറന്നാൽ...

അമ്പുകളുടെ പരീക്ഷണം. കഅ്ബയിലേക്ക് കയറിക്കൊണ്ട് ഇബ്രാഹിം നബിയുടെ വിഗ്രഹത്തിൻെറയടുത്ത് പോയി അതിൻെറ കയ്യിൽ നിന്ന് അമ്പുകൾ എടുക്കും,

لا تفعل، افعل.

പക്ഷേ, ഇത് ഇസ്ലാം വിരോധിച്ചിരിക്കുന്നു...

يَاأَيُّهَا الَّذِينَ آمَنُوا إِنَّمَا الْخَمْرُ وَالْمَيْسِرُ وَالْأَنصَابُ وَالْأَزْلَامُ رِجْسٌ مِنْ عَمَلِ الشَّيْطَانِ فَاجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ (المائدة:90)






എന്നാൽ തട്ടമിട്ട താത്താമാരും, മുസ്ലിം പേരുവെച്ച കാക്കമാരും മുസ്ലീങ്ങളാണെന്ന് വാദിക്കുന്നവരും എന്താണ് വിശ്വസിച്ച് കൊണ്ടിരിക്കുന്നത്.

പുറത്തേക്കിറങ്ങുന്നു.. ആ സന്ദർഭത്തിൽ ഒരു കാലി കൊട്ടയുമായി പാവപ്പെട്ട ഒരാൾ ജോലി സ്ഥലത്തേക്ക് പോകുന്നതാണ് അവൻ കണ്ടതെങ്കിൽ അവൻ പറയും ഇന്നത്തെ കാര്യം കാലിയാണ്...

പുറത്തേക്കിറങ്ങി വണ്ടി സ്റ്റാട്ടാക്കി പോകാനൊരുങ്ങുമ്പോൾ കറുത്ത പൂച്ച വിലച്ചങ്ങ് പാഞ്ഞാൽ അവൻ യാത്ര റദ്ദാക്കുന്നു. ഈ പൂച്ചയാണോ അവന്റെ ഖൈറും ശർറും തീരുമാനിക്കുന്നത്.

പല്ലിയൊന്ന് ചിലച്ചാൽ ഗൗളി കരഞ്ഞാൽ നമ്മൾ പറയും ഒരാൾ എന്തെങ്കിലും പറഞ്ഞാൽ അത് സത്യപ്പെടുത്തുന്നതാണ് പല്ലി ചിലക്കുന്നതെന്ന്.

മൂങ്ങയുടെ ശബ്ദം ആർക്കും കേട്ട് കൂടാ, പോകാ, പോകാ, അത് അതിന്റെ ഇണയെ തേടുകയാണ്, ആകർശിക്കുകയാണ്.

അത്പൊലെ കൈ ചൊറിഞ്ഞാൽ നമ്മൾ പറയും, നമുക്ക് ആരോ പൈസ കിട്ടുമെന്ന് വിശ്വസിക്കുന്നു...

കണ്ണിന്റെ പുരികം തുള്ളിയാൽ നമ്മൾ പറയും ഇഷ്ടപ്പെട്ടവരെ കാണാൻ സമയമടുത്തിട്ടുണ്ടെന്ന് പറയും...

പൂൽചാടി നമ്മുടെ അടുത്ത് വന്നാൽ നാം പറയും കടം വീട്ടാനുണ്ട്, പെട്ടെന്ന് വീട്ടണമെന്ന് പറയും...

മണ്ണട്ടയെ നമ്മുടെ വിരിപ്പിൽ കണ്ടാൽ പറയും അത് മയ്യത്തിനെ കുളിപ്പിച്ച വെള്ളം കുടിക്കാതെ അത് പോകുകയില്ല.






ഭർത്താവ് മരിച്ച ഒരു സ്ത്രീയെയാണ് നാം രാവിടെ കാണുന്നതെങ്കിൽ നാം പറയും മോശമാണ് ഇത്, അവൾ എത്രയോ വർഷമായി ഭർത്താവില്ലാതെയിരിക്കുന്നു...

അതുപോലെ രാവിലെ ത്തന്നെ ആരെങ്കിലും കടയിലേക്ക് കടം വാങ്ങാൻ വന്നാൽ നാം പറയും ഇന്ന് എല്ലാം കടമായിരിക്കും. ആരാണ് രണ്ടാമതായി സാധനം വാങ്ങാൻ വരുന്നവനോട് ആദ്യത്തെ വ്യക്തി കടമാണ് വാങ്ങിയത് നീയും കടം വാങ്ങുക യെന്ന്.

ഇതൊക്കെ അന്ധ വിശ്വാസമാണ്.

ഇത് അറിയുവാനായി മുസ്ലീങ്ങൾ എവിടെക്കാണ് പോകുന്നത്. ജ്യോൽസ്യൻെറയടുത്തേക്കും, കണക്ക് നോട്ടക്കാരുടെയും അടുത്തേക്ക്, തങ്ങന്മാർ ബീവിമാർ...

( عَنْ صَفِيَّةَ عَنْ بَعْضِ أَزْوَاجِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ أَتَى عَرَّافًا فَسَأَلَهُ عَنْ شَيْءٍ لَمْ تُقْبَلْ لَهُ صَلَاةٌ أَرْبَعِينَ لَيْلَةً ) (مسلم)

( عَنْ أَبِي هُرَيْرَةَ وَالْحَسَنِ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ أَتَى كَاهِنًا أَوْ عَرَّافًا فَصَدَّقَهُ بِمَا يَقُولُ فَقَدْ كَفَرَ بِمَا أُنْزِلَ عَلَى مُحَمَّدٍ صَلَّى اللَّه عَلَيْهِ وَسَلَّمَ ) أحمد)

ഇവിടെ ജ്യോൽസ്യന്മാർ മുസ്ലിം പേരുള്ളവരായിരുന്നാലും ശരി...

കുറത്തിയുടെ അടുത്ത്,

മാഗസിനുകളിലേത്,

ടി വി യിലേത് ....

പ്രശ്ന പരിഹാരത്തിനായി നാം ഇങ്ങനെയുള്ളവരുടെ അടുത്ത് പോകുന്നു...

അവർ വെറ്റിലയിൽ... വാഴയുടെ ഇലയിൽ മഞ്ഞൾ പുരട്ടിയ ചോറ് വെക്കുവാൻ പറയുന്നു, കോഴി മുട്ടയിൽ എന്തെങ്കിലും എഴുതുന്നു. എന്തെങ്കിലും തകിടുകൾ വീടിൻെറ നാല് മൂലയിലും കുഴിച്ചിടുവാൻ കൽപിക്കുന്നു....






**നമ്മുടെ ഖൈറും ശരറും ഇങ്ങനെയുള്ളവർക്കോ മറ്റൊ നിർണയിക്കുവാൻ സാധിക്കുമോ,**

പ്രവാചകൻ അങ്ങിനെ പറഞ്ഞുവോ, നിങ്ങൾ എൻെറയടുത്ത് വന്നാൽ മതിയെന്ന് പറഞ്ഞില്ല, മറിച്ച് നിങ്ങൾക്ക് ദീനിൻെറ കാര്യത്തിൽ വല്ല സംശയങ്ങളും വരുകയാണെങ്കിൽ എൻെറ അടുത്ത് വരികയെന്ന് പറയുകയുണ്ടായി...

നാം ഒരു കാര്യം ചെയ്യുവാൻ ഒരുങ്ങുന്നു. വിവാഹം, ബിസിനസ് തുടങ്ങൽ ...

നമ്മൾ എവിടേക്കാണ് പോവുക മുസ്ലിയാരുടെ അടുത്തേക്ക് പോയി നല്ല ദിവസം ചോദിക്കുന്നു...

അല്ലാഹുവിൻെറ അടുത്ത് എല്ലാ ദിവസവും നല്ലതാണ്. അതിൽ ചില ദിവസങ്ങൾക്ക് പ്രത്യേകത നൽകിയെന്ന് മാത്രം.

പക്ഷേ നഹ്സില്ല,

ഒടുക്കത്തെ ബുധൻ, നബിക്ക് രോഗം വന്നത്, ചൊവ്വ, തിങ്കൾ...

മുഹർറം 1 മുതൽ 10 വരെ... ദുൽ ഹിജ്ജ പത്ത്... തുടങ്ങിയ ദിവസങ്ങൾ നഹ്സായി ഗണിക്കുന്നു...

ഇതൊന്നും ഇസ്ലാം പഠിപ്പിക്കാത്തതാണ്.

ഇങ്ങനെ നാം ദിവസങ്ങളെയും കാലങ്ങളെയും ചീത്ത പറയുന്നത് അല്ലാഹുവിനെ ചീത്ത പറയുന്നതിന് തുല്യമാണ്.

( عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ لَا تَسُبُّوا الدَّهْرَ فَإِنَّ اللَّهَ هُوَ الدَّهْرُ) (مسلم)

പൂരക്ക് കുറ്റിയടിക്കുക, കുടിയിരിക്കുക, കച്ചവടം തുടങ്ങുക...

ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഒരു മുസ്ലിം ചെയ്യേണ്ടത് നഹ്സില്ലാത്ത ദിവസം തിരഞ്ഞ് നടക്കുകയല്ല, മറിച്ച് പ്രവാചകൻെറ ചര്യ പിൻപറ്റുക.






നാം ചെയ്യാൻ പോകുന്ന കാര്യം നമുക്ക് നന്മയാണോ തിന്മയാണോയെന്ന് മനസിലാക്കാൻ തിരുമേനി നമ്മെ പഠിപ്പിക്കുന്നു....

ചിലയാളുകൾ ബർക്കത്തിന്‌വേണ്ടി എന്താണ് ചെയ്യാറുള്ളത്?

ബദ്‌രീങ്ങളുടെ പേര് എഴുതിയ കടയിൽ തൂക്കുന്നു,

കടയുൽഘാടനത്തിന് തങ്ങമ്മാരെയും മറ്റും കൊ...

പെയ്സിൽ ആരെങ്കിലും പൈസ തന്നാൽ അത് എടുത്ത് വെക്കുന്നു,

വാഹനം വാങ്ങിയാൽ നാം ആദ്യമായി എവിടേക്കാണ് പോകുന്നത്...

രണ്ട് റകഅത്ത് നമസ്കരിക്കുക, ശേഷം ഒരു പ്രാർത്ഥന ചൊല്ലുക.

( عَنْ جَابِرِ بْنِ عَبْدِاللَّهِ رَضِي اللَّه عَنْهما قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يُعَلِّمُنَا الِاسْتِخَارَةَ فِي الْأُمُورِ كُلِّهَا كَمَا يُعَلِّمُنَا السُّورَةَ مِنَ الْقُرْآنِ يَقُولُ إِذَا هَمَّ أَحَدُكُمْ بِالْأَمْرِ فَلْيَرْكَعْ رَكْعَتَيْنِ مِنْ غَيْرِ الْفَرِيضَةِ ثُمَّ لِيَقُلِ اللَّهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ وَأَسْتَقْدِرُكَ بِقُدْرَتِكَ وَأَسْأَلُكَ مِنْ فَضْلِكَ الْعَظِيمِ فَإِنَّكَ تَقْدِرُ وَلَا أَقْدِرُ وَتَعْلَمُ وَلَا أَعْلَمُ وَأَنْتَ عَلَّامُ الْغُيُوبِ اللَّهُمَّ إِنْ كُنْتَ تَعْلَمُ أَنَّ هَذَا الْأَمْرَ خَيْرٌ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي أَوْ قَالَ عَاجِلِ أَمْرِي وَآجِلِهِ فَاقْدُرْهُ لِي وَيَسِّرْهُ لِي ثُمَّ بَارِكْ لِي فِيهِ وَإِنْ كُنْتَ تَعْلَمُ أَنَّ هَذَا الْأَمْرَ شَرٌّ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي أَوْ قَالَ فِي عَاجِلِ أَمْرِي وَآجِلِهِ فَاصْرِفْهُ عَنِّي وَاصْرِفْنِي عَنْهُ وَاقْدُرْ لِيَ الْخَيْرَ حَيْثُ كَانَ ثُمَّ أَرْضِنِي قَالَ وَيُسَمِّي حَاجَتَهُ ) (بخاري ومسلم)

ഇതിന് മുമ്പ് നാം നമ്മുടെ ചുറ്റുഭാഗത്തുള്ളവരോട് കൂടിയാലോചിക്കുക, ഉമ്മാനോട്, പിതാവിനോട്, സഹോദരന്മാരോട്, അയൽവാസിയോട്...

എല്ലാവരുടെയും അഭിപ്രായം നമുക്ക് സ്വീകരിക്കുവാൻ കഴിയില്ലല്ലോ..

ഈ പ്രാർത്ഥന നടത്തി കാര്യം തീരുമാനിക്കുക.

(وَشَاوِرْهُمْ فِي الْأَمْرِ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى اللَّهِ إِنَّ اللَّهَ يُحِبُّ الْمُتَوَكِّلِينَ) (آل عمران: 159 )

അല്ലാഹുവിൻെറ തീരുമാനം എന്തായാലും സ്വീകരിക്കുക.






ചില കാര്യങ്ങൾ നാം പ്രത്യക്ഷത്തിൽ നമുക്ക് നന്മയായി തോന്നും പക്ഷേ, അത് നിത്യ ദു:ഖമാണ് സമ്മാനിക്കുക,

അതുപോലെ നേരെ തിരിച്ചും...

ചിലയാളുകൾക്ക് പെൺ കുട്ടികൾ ഉണ്ടാകും. അവർ വിചാരിക്കും..

ചിലയാളുകൾക്ക് ആൺകുട്ടികൾ ഉണ്ടാകും. പക്ഷേ, മാതാപിതാക്കൾക്ക് ഒരു ദിവസം പോലും സമാധാനത്തോടെ ഉറങ്ങാൻ സമ്മതിക്കാത്ത രൂപത്തിൽ ഫിത്'ന കാട്ടി നടക്കുന്നവരുണ്ടാകും...

ഏറ്റവും കൂടുതൽ അന്'ധ വിശ്വാസങ്ങൾക്ക് വളക്കൂറുള്ള വീട് ഗൾഫുകാരന്റെ വീടാണ്...

അത്'കൊണ്ട് നാം ശ്രദ്ധിക്കുക...